DESPATCHED On 24/1/2020

07/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No.382(4)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.2421/എസ്.ഐ.സി–ജി 2/2015)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഹരി. എൻ.സി,
സരോജ്,
റ്റി.സി. 15/227(2), ഉദാരശിരോമണി റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം– 695 010. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം),
പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം–695 010.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം–695 010.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയോട് ഒന്നാം എതിർകക്ഷിയുടെ ഡിപ്പാർട്ട്മെന്റിലെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ആവശ്യപ്പെട്ടിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് 10.03.2015 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 23.03.2015 ൽ റിപ്പോർട്ട് സമർപ്പിച്ചു.

3. അപ്പീൽ ഹർജിക്കാരൻ 26.10.2014 ൽ അപ്പീൽ അപേക്ഷയോടൊപ്പം കമ്മീഷന്റെ അപ്പീൽ നടപടി ക്രമചട്ടങ്ങൾ അനുശാസിക്കുന്ന വിധമുള്ള അനുബന്ധ രേഖകൾ ഉള്ളടക്കം ചെയ്തിരുന്നില്ല എന്നും എന്നാൽപ്പോലും ടിയാനെ നേരിൽ കേൾക്കുകയും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയും ചെയ്തതാണെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ടിൽ പറഞ്ഞു. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ 11 ചോദ്യങ്ങൾക്കും ഉള്ള മറുപടികളും അക്കമിട്ട് ടിയാന് നൽകിയിട്ടുള്ളതായും റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്.

4. ഇതിന് ശേഷം 07.01.2020 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ പങ്കെടുത്തു.

5. നേരത്തെ റിപ്പോർട്ടിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിങ്ങിലും ആവർത്തിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിശദമായി

തന്നെ ടിയാന് നൽകി കഴിഞ്ഞതായി കമ്മീഷൻ നിരീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 07.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re

RIGHT TO INFORMATION